## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

18.12.2012 ൽ

നക്ഷത്രചിഹ്നമിടാത്ത

മറുപടിക്ക്

ചോദ്യം നമ്പർ : 2406

## കെൽട്രോൺ സൗരോർജ്ജമേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ്<br>,, വി.പി.സജീന്ദ്രൻ<br>,, സി.പി.മുഹമ്മദ്<br>,, ബെന്നി ബെഹനാൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കെൽട്രോൺ സൗരോർജ്ജ മേഖലയിൽ എന്തെല്ലാം പദ്ധതി കളാണ് ആവിഷ്കരിച്ചിരിക്കു ന്നത്; വിശദമാക്കുമോ;<br><br>(ബി) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്കു പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങ ളാണ് പദ്ധതികളിൽ ഉൾപ്പെടുത്തി യിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) & (ബി)<br>സോളാർപവർ ഇൻവർട്ടറുകളും സോളാർപവർ കണ്ടീഷനറുകളും നിർമ്മിക്കാനുള്ള പദ്ധതികൾ കെട്രോൺ നടപ്പിലാക്കി വരുന്നു. സോളാർ ഇന്ത്യ എന്ന ആശയം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ജവർഹലാൽ നെഹ്റു നാഷണൽ സോളാർ മിഷന് ഊന്നൽ നൽകിക്കൊണ്ട് കേരളത്തിൽ വിവിധ ശ്രേണിയിലുള്ള ഓഫ് ഗ്രിഡ്, ഓൺ ഗ്രിഡ് പവർ പ്ലാന്റ് സ്ഥാപിക്കാനുള്ള പദ്ധതികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. |
| (സി) ഇതിനായി എന്തെല്ലാം പദ്ധ തികൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ; | (സി) ഓഫ് ഗ്രിഡ് സോളാർ പദ്ധതികൾ സംസ്ഥാ നത്തെ ജയിലുകളിൽ കെൽട്രോൺ നടപ്പിലാക്കി വരുന്നു. വിവിധ ശ്രേണിയിലുള്ള ഓഫ് ഗ്രിഡ്, ഓൺ ഗ്രിഡ് സൗരോർജ്ജ പദ്ധതികൾ ഏറ്റെ ടുത്തു നടപ്പിലാക്കാൻ കെൽട്രോൺ സജ്ജമാണ്. 229 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റ് തിരുവനന്തപുരത്ത് പൂജപ്പുര സെൻട്രൽ ജയിലിൽ കെൽട്രോൺ സ്ഥാപിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇനി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (ഡി)തിരുവനന്തപുരം സെൻട്രൽ ജയിലിൽ വിജയകരമായി പദ്ധതി നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 665 കിലോവാട്ട്സ് സോളാർ പദ്ധതികൾ നിർമ്മിക്കുന്നതിനായി 22 കോടി രൂപയുടെ ഓർഡർ കെൽട്രോണിന് സംസ്ഥാന ജയിൽ വകുപ്പ് നൽകുകയുണ്ടായി. കണ്ണൂരിലെയും വിയ്യൂരിലെയും സെൻട്രൽ ജയിലുകൾ, നെട്ടുകാൽത്തേരി , തേവാംകോട് എന്നിവിടങ്ങളിലെ തുറന്ന ജയിലുകൾ, തിരുവനന്തപുരത്തെ ജില്ലാ ജയിൽ, സ്പെഷ്യൽ സബ്ജയിൽ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പിലാക്കുക ഇതുകൂടാതെ രണ്ടു മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മിക്കുന്നതും കമ്പനി പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ